# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 506** **28.02.2017-ൽ മറുപടിയ്ക്ക്**

## വാണിജ്യ നികുതി പിരിവ്

| | ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | 2015-16- ൽ കേരളത്തിലെ വാണിജ്യ നികുതി പിരിവ് സംസ്ഥാനത്തിന്റെ മൊത്തം വാർഷികവരുമാനത്തിന്റെ എത്ര ശതമാനമായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) | 2015-16-ൽ കേരളത്തിലെ വാണിജ്യ നികുതി പിരിവ് 31152.07 കോടി രൂപയായിരുന്നു. ആയത് സംസ്ഥാനത്തിന്റെ മൊത്തം വാർഷിക വരുമാനത്തിന്റെ 46.39% ആണ്. |
| (ബി) | 2016-17 (ജനുവരി 31 വരെ) വാണിജ്യനികുതി പിരിവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തെ നികുതി പിരിവിനേക്കാൾ കുറവാണോ; എങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ബി) | 2016-17 (ജനുവരി 31 വരെ) വാണിജ്യനികുതി പിരിവ് 26974.45 കോടി രൂപയാണ്. മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ വർദ്ധനവ് 9% ആണ്. നികുതി പിരിവിൽ കുറവ് സംഭവിച്ചിട്ടില്ല. |
| (സി) | നികുതി സമാഹരണം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നു വെളിപ്പെടുത്താമോ? | (സി) | നികുതി സമാഹരണം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച കർമ്മ പരിപാടികൾ ചുവടെ ചേർക്കുന്നു:-<br>1) കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>2) ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയംതന്നെ അപ്‌ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>3) കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>4) അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.<br>5) റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.<br>6) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.<br>7) നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.<br>8) ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.<br>9) നികുതി ഉപദേശക സേവന യൂണിറ്റ് ആരംഭിച്ചു.<br>10) 60 ലക്ഷം രൂപയേക്കാൾ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി. |

**സെക്ഷൻ ഓഫീസർ.**